## <u>വാറ്റ് ചാരായവുമായി പിടിയിൽ</u>

വില്പനക്കായി ചാരായവുമായി കാറിൽ കറങ്ങി നടന്ന ശ്രീമൂലനഗരം, ചേറ്റുങ്ങൽ വീട്ടിൽ ഉല്ലാസ് തോമസ് (33) ആണ് കാലടി പോലീസിൻ്റെ പിടിയിലായത്. ലോക്ഡൗണിനോടനുബന്ധിച്ച് ബാറുകളും, ബിവറേജ് ഔട്ട്ലറ്റുകളും അവധി ആയതിനാൽ വ്യാജമദ്യ വിൽപ്പന നടത്തുകയായിരുന്നു പ്രതി. പോലീസിന് ലഭിച്ച രഹസ്യവിവരത്തിനൻെറ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് കല്ലുംകൂട്ടം ഭാഗത്ത് വച്ച് ഇടപാടുകാരെ കാത്തുനിൽക്കുകയായിരുന്ന പ്രതിയെ പോലീസ് പിടികൂടിയത്. പ്രതി സഞ്ചരിച്ച കാറിൻ്റെ ഡാഷ് ബോക്സിൽ ഒളിപ്പിച്ച നിലയിൽയിലാണ് അര ലിറ്ററോളം വാറ്റുചാരായം കണ്ടെത്തിയത്. അന്വേഷണസംഘത്തിൽ എസ്.എച്ച്.ഒ. ബി സന്തോഷ് , എസ്.ഐ.മാരായ പ്രശാന്ത് പി നായർ,.അഭിജിത്ത്, എസ്.സി.പി.ഒ മനോജ്, ഷൈജിൻ എന്നിവർ ഉണ്ടായിരുന്നു.